മഴക്കാല രോഗങ്ങളെ പ്രതിരോധിക്കാൻ നടപടി

43 (3474) ശ്രീ. സി.കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

1. 18-2-2015-ന് വിവിധ വകുപ്പ് മേലധികാരികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ ചേമ്പറിൽ മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചു

2. 15-3-2015-ൽ ബഹു. എം.പി. ശ്രീ. കെ.സി. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ജില്ലാ കളക്ടർ, ആലപ്പുഴ ജില്ലാ മെഡിക്കലാഫീസർ, പ്രോഗ്രാം ഓഫീസർമാർ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു. വിവിധ പഞ്ചായത്തിലെ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നടപ്പാക്കാൻ തീരുമാനിച്ചു

3. കോളറ, വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയ ജലജന്യ രോഗങ്ങൾ തടയുന്നതിന് ജില്ലയിലെ എല്ലാ കുടിവെള്ള സ്രോതസ്സുകളും വാട്ടർ അതോറിറ്റിയുടെ വെള്ളവും സൂപ്പർ ക്ലോറിനേഷൻ നടത്തുവാൻ തീരുമാനിച്ചു. ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ടാബ്ലറ്റ് തുടങ്ങിയവ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും സ്റ്റോക്ക് ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി എടുത്തു. പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നു വരുന്നു.

4. ഡെങ്കിപ്പനി, ജപ്പാൻജ്വരം, ഫൈലേറിയ, മലേറിയ തുടങ്ങിയ കൊതുകജന്യരോഗങ്ങൾ തടയുന്നതിന് ജില്ലയിലെ എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാരും, ആശാ വർക്കേഴ്സ്, വിവിധ സാമൂഹ്യ സംഘടനാ പ്രവർത്തകർ ഒന്നിച്ചു കൊണ്ട് വീടുവീടാന്തരം സോഴ്സ് റിഡക്ഷൻ പ്രവർത്തനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. ആലപ്പുഴ ജില്ലയിലെ ഡി.വി.സി. യൂണിറ്റ് ബയോളജിസ്റ്റിന്റെ നേതൃത്വത്തിൽ ഡെങ്കിപ്പനി ഉണ്ടായ സ്ഥലങ്ങളിൽ ഫോഗിംഗും സ്പ്രേയിംഗും ദ്രുതഗതിയിൽ നടത്തിവരുന്നു.

6. സേഫ് കേരളയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലവും വർക്ക് ഏരിയയും ഇൻസ്പെക്ഷൻ നടത്തുകയും മലേറിയ, ഫൈലേറിയ തുടങ്ങിയ രോഗങ്ങൾ ഉണ്ടോ എന്ന് അറിയുന്നതിന് ഇവരുടെ രക്ത സാമ്പിളുകൾ പരിശോധനയ്ക്ക് എടുത്തു. കൂടാതെ മറ്റ് രോഗങ്ങൾ ഉണ്ടോ എന്ന് മെഡിക്കൽ ടീം പരിശോധന നടത്തുന്നുണ്ട്.

7. ആലപ്പുഴ ജില്ലയിലെ എല്ലാ എം.എൽ.എ. മാരുടേയും താലൂക്കുകളിൽ, എം.എൽ.എ. മാരെ ഉൾപ്പെടുത്തി മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മീറ്റിംഗുകൾ കൂടുകയും പ്രതിരോധ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

8. ആലപ്പുഴ ജില്ലയിലെ എല്ലാ സ്കൂളുകളിലും മഴക്കാലപൂർവ്വ രോഗ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നു.

9. സേഫ് കേരളയുടെ ഭാഗമായി വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് കൊതുക് വളരുന്ന സാഹചര്യം കണ്ടാൽ നോട്ടീസ് നൽകുകയും കേസ് ഫയൽ ചെയ്യുന്ന നടപടിയും സ്വീകരിച്ചുവരുന്നു.

അമിതതുക ഈടാക്കുന്ന സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ നടപടി

44 (3475) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ പ്രൈവറ്റ് ആശുപത്രികളിൽ അടിയന്തര ചികിത്സയ്ക്കായി എത്തുന്ന രോഗികളെ അനാവശ്യ ടെസ്റ്റുകളും മറ്റും നടത്തി അധിക തുക ഈടാക്കി കഷ്ടപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly